## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 648                08.03.2012 - ൽ മറുപടിക്ക്

**സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സമരം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ സമരരംഗത്തിറങ്ങിയത് ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിന് വിഘാതമാകുന്നതായി കരുതുന്നുണ്ടോ ; | എ) | ഉണ്ട്. |
| ബി) | ആശുപത്രി മാനേജ്മെന്റുകൾ ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാട് ന്യായീകരിക്കാവുന്നതാണോ; | ബി) | അല്ല |
| സി) | ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ട നിലപാട് വ്യക്തമാക്കാമോ; | സി) | നഴ്സുമാർ നേരിടുന്ന പ്രശ്നങ്ങളിൽ 19.01.2012 തീയതിയിലെ ജി.ഒ. (എം.എസ്) നം.19/2012/ആകുവ. ഉത്തരവു പ്രകാരം സർക്കാർ തലത്തിൽ ഒരു സ്റ്റേറ്റ് ലെവൽ കമ്മിറ്റിയും മൂന്ന് സോണൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. അവയുടെ പഠനം നടന്നു വരികയാണ്. മാത്രമല്ല സമരത്തിൽ ഏർപ്പെട്ട സംഘടനകളും മാനേജ്മെന്റുകളുമായും വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തി വരികയാണ്. |
| ഡി) | 2009 ൽ മുൻ സർക്കാർ കൊണ്ടുവന്ന മിനിമം വേതന നിയമം നടപ്പിലാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാതിരുന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ ? | ഡി) | 2009 ൽ മുൻ സർക്കാർ കൊണ്ടുവന്ന മിനിമം വേതന നിയമം നടപ്പിലാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടി എടുക്കരുത് എന്ന ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിയമ നടപടികൾ സ്വീകരിക്കാതിരുന്നത്. മിനിമം വേതനം നൽകാത്ത സ്ഥാപന ഉടമകൾക്കെതിരെ നിയമാധിഷ്ഠിതമായ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ